പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 13

# 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 13

# 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

1311/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 13

# 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

## പ്രത്യേക ആക്റ്റുകളായി നിലനിർത്തേണ്ട ആവശ്യമില്ലാത്ത ചില ഭേദഗതി ആക്റ്റുകൾ റദ്ദാക്കുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—പ്രത്യേക ആക്റ്റുകളായി നിലനിർത്തേണ്ട ആവശ്യമില്ലാത്ത ചില ഭേദഗതി ആക്റ്റുകൾ റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചില ഭേദഗതി ആക്റ്റുകൾ റദ്ദാക്കൽ.—ഈ ആക്റ്റിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭേദഗതി ആക്റ്റുകൾ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. ഒഴിവാക്കൽ.—(1) ഈ ആക്റ്റിലെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഭേദഗതി ആക്റ്റിന്റെ ഈ ആക്റ്റ് മൂലമുള്ള റദ്ദാക്കൽ, റദ്ദാക്കപ്പെട്ട നിയമം ബാധകമാക്കിയിട്ടുള്ളതോ ഉൾപ്പെടുത്തിയിട്ടുള്ളതോ പരാമർശിച്ചിട്ടുള്ളതോ ആയ മറ്റേതെങ്കിലും നിയമത്തെ ബാധിക്കുന്നതല്ലാത്തതും, ഇതിനകം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുത ഇല്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അഥവാ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും

അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ കർത്തവ്യത്തെയോ ബാധ്യതയെയോ അഥവാ അവ സംബന്ധിച്ച ഏതെങ്കിലും പരിഹാരത്തെയോ നടപടിയെയോ അഥവാ ഏതെങ്കിലും കടം, പിഴ, കർത്തവ്യം, ബാധ്യത, അവകാശവാദം അല്ലെങ്കിൽ ആവശ്യപ്പെടൽ എന്നിവയെ സംബന്ധിച്ചോ അവയിൽ നിന്ന് ഉള്ള മോചനത്തെയോ ബാധ്യതാ വിമുക്തിയെയോ അഥവാ ഇതിനകം നൽകിയിട്ടുള്ള ഏതെങ്കിലും നഷ്ടോത്തരവാദത്തെയോ അഥവാ മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തിയെയോ കാര്യത്തെയോ ഈ ആക്റ്റ് ബാധിക്കുന്നതല്ലാത്തതുമാണ്;

അതുമല്ല, ഇതിൻപ്രകാരം റദ്ദാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും നിയമം വഴിയോ നിയമത്തിലോ നിയമത്തിൽനിന്നോ യഥാക്രമം പ്രാമാണീകരിച്ചിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ഉരുത്തിരിഞ്ഞിട്ടുള്ളതോ ആയ ഏതെങ്കിലും തത്വമോ നിയമപ്രമാണമോ അഥവാ വ്യവസ്ഥാപിതമായ അധികാരിതയോ, അന്യായ ഹർജിയുടെ രൂപമോ ഗതിയോ, പതിവോ, നടപടിക്രമമോ അഥവാ നിലവിലുള്ള വഴക്കമോ ആചാരമോ വിശേഷാധികാരമോ പരിമിതിയോ ഒഴിവാക്കലോ ഉദ്യോഗമോ നിയമനമോ അവ ഏതെങ്കിലും വിധത്തിൽ, ആയിരുന്നാൽ തന്നെയും, ഈ ആക്റ്റ് ബാധിക്കുന്നതല്ല;

അതുമല്ല, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും നിയമത്തിന്റെ റദ്ദാക്കൽ, ഇപ്പോൾ നിലവിലില്ലാത്തതോ പ്രാബല്യത്തിലില്ലാത്തതോ ആയ ഏതെങ്കിലും അധികാരിത, ഉദ്യോഗം, ആചാരം, ബാധ്യത, അവകാശം, ഉടമസ്ഥാവകാശം, പ്രത്യേകാവകാശം, പരിമിതി, ഒഴിവാക്കൽ, ആചരണം, പതിവ്, നടപടിക്രമം എന്നിവയെയോ അഥവാ മറ്റ് സംഗതിയെയോ കാര്യത്തെയോ പുനരുജ്ജീവിപ്പിക്കുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യുന്നതല്ല.

(2) 1125-ലെ കേരള വ്യാഖ്യാനവും സാമാന്യഖണ്ഡങ്ങളും ആക്റ്റിന്റെ (1125-ലെ VII) 4-ാം വകുപ്പിലെ വ്യവസ്ഥകൾ, ഈ ആക്റ്റ് പ്രകാരമുള്ള, ഒരു നിയമത്തിന്റെ റദ്ദാക്കൽ സംബന്ധിച്ച്, ബാധകമായിരിക്കുന്നതാണ്.

## പട്ടിക

(2-ാം വകുപ്പ് കാണുക)

| ക്രമ നമ്പർ | വർഷവും ആക്റ്റിന്റെ നമ്പരും | | ചുരുക്കപ്പേര് |
|---|---|---|---|
| (1) | (2) | | (3) |
| **ഭേദഗതി ആക്റ്റുകൾ** | | | |
| 1 | 2009-ലെ | 29 | 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ആക്റ്റ് |
| 2 | 2015-ലെ | 1 | 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ആക്റ്റ് |
| 3 | 2016-ലെ | 8 | 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ആക്റ്റ് |
| 4 | 2017-ലെ | 13 | 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ആക്റ്റ് |
| 5 | 2018-ലെ | 29 | 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1. കാലാകാലങ്ങളിൽ, പ്രയോഗത്തിൽ ഇല്ലാത്തതോ തുടർന്ന് ആവശ്യമില്ലാത്തതോ ആയ ആക്റ്റുകൾ റദ്ദ് ചെയ്യുന്നത് പ്രസ്തുത നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യുന്നതിന് സഹായകമാകുന്നു. ഭേദഗതി ആക്റ്റുകൾ അവയുടെ മൂലനിയമത്തിന്റെ ഭാഗമായിത്തീർന്നതിനാൽ അവ സ്റ്റാറ്റ്യൂട്ട് ബുക്കിൽ പ്രത്യേക നിയമങ്ങളായി നിലനിർത്തേണ്ടതില്ല.

2. സംസ്ഥാന സർക്കാർ നിയമിച്ച ജസ്റ്റിസ് കെ. റ്റി. തോമസ് അധ്യക്ഷനായ കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 15-ാമത് റിപ്പോർട്ട് പ്രകാരമുള്ള 'ദ കേരള റിപ്പീലിംഗ്

ആന്റ് സേവിംഗ് ബിൽ, 2021' മുഖേന കാലഹരണപ്പെട്ടതും തുടർന്ന് ആവശ്യമില്ലാത്തതുമായ 218 നിയമങ്ങൾ റദ്ദാക്കുവാൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2022-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്റ്റ് (2022-ലെ 12), 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്റ്റ് (2024-ലെ 27) എന്നിവയിലൂടെ കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുകയുണ്ടായി. 19-7-2026-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം കാലഹരണപ്പെട്ടതും പ്രസക്തി നഷ്ടപ്പെട്ടതുമായ നിയമങ്ങൾ റദ്ദാക്കുവാൻ തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ 'ദ കേരള റിപ്പീലിംഗ് ആന്റ് സേവിംഗ് ബിൽ, 2021'-ൽ റദ്ദാക്കുവാൻ അവശേഷിക്കുന്ന അഞ്ച് ഭേദഗതി ആക്റ്റുകൾ കൂടി റദ്ദാക്കുവാൻ സർക്കാർ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

വി. ഡി. സതീശൻ